03-06-2023

SATURDAY

ശനിയാഴ്ച്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

Chief Editor : PADMAM S. Editor : Dr. BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-03/06/2023.

1. കാർഷിക സർവകലാശാല ബിരുദദാന ചടങ്ങ് ഇന്ന് (ജൂൺ 3 ന്) രാവിലെ 10.45 ന് വെള്ളാനിക്കരയിലെ സർവകലാശാല ആസ്ഥാനത്ത് നടക്കും. കേരള ഗവർണറും സർവകലാശാല ചാൻസലറുമായ ആരിഫ് മുഹമ്മദ് ഖാൻ മുഖ്യാതിഥിയായിരിക്കും. ബിരുദദാന പ്രഭാഷണം തദവസരത്തിൽ അദ്ദേഹം നിർവ്വഹിക്കുന്നതായിരിക്കും. കൃഷിമന്ത്രിയും സർവകലാശാല പ്രോ ചാൻസലറുമായ പി. പ്രസാദ്, റവന്യുമന്ത്രിയും സർവകലാശാല ഭരണസമിതി അംഗവുമായ അഡ്വ. കെ. രാജൻ, സർവകലാശാല വൈസ് ചാൻസലർ ഡോ. ബി. അശോക് ഐ.എ.എസ്. എന്നിവർ ചടങ്ങിൽ പങ്കെടുക്കും.പ്രസ്തുത ചടങ്ങിൽ ആകെ 1,514 പേർക്ക് വിവിധ ബിരുദങ്ങൾ നൽകുന്നതായിരിക്കും. ഇതിൽ 804 പേർക്ക് ബിരുദവും, 475 പേർക്ക് ബിരുദാനന്തര ബിരുദവും, 87 പേർക്ക് ഡോക്ടറേറ്റും, 148 പേർക്ക് ഡിപ്ലോമ സർട്ടിഫിക്കറ്റുകളും നൽകുന്നതായിരിക്കും.

2. സംസ്ഥാനത്ത് കാർഷിക അനുബന്ധ പ്രവർത്തനങ്ങൾ കൊണ്ട് ഉപജീവനം നടത്തുന്ന എല്ലാ കർഷകരുടെയും ക്ഷേമവും ഉന്നമനവും ലക്ഷ്യമിട്ട് കർഷക ക്ഷേമനിധി പെൻഷൻ ഉൾപ്പെടെയുള്ള ക്ഷേമ ആനുകൂല്യങ്ങൾ നൽകുന്നതിനായി ഇപ്പോൾ അപേക്ഷിക്കാം. 5 സെന്റിൽ കുറയാതെയും 15 ഏക്കറിൽ കവിയാതെയും വിസ്തീർണ്ണമുള്ള ഭൂമി കൈവശം വെച്ചിരിക്കുകയും, മൂന്ന് വർഷത്തെ കുറയാത്ത കാലയളവിൽ കൃഷി- കൃഷി അനുബന്ധ പ്രവർത്തനങ്ങൾ പ്രധാന ഉപജീവനമാർഗം ആയിരിക്കുകയും വാർഷിക വരുമാനം 5 ലക്ഷത്തിൽ കവിയാത്തതായുള്ള 18-നും 65 വയസ്സിനും ഇടയിൽ പ്രായമുള്ള ഏതൊരാൾക്കും അപേക്ഷിക്കാം. ഈ പദ്ധതിയുടെ പ്രതിമാസ അംശാദായം 100 രൂപയാണ്. അംഗമായി രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷകൾ കർഷകർ ക്ഷേമനിധി ബോർഡിന്റെ https://kfwfb.kerala.gov.in/ എന്ന പോർട്ടൽ വഴിയാണ് നൽകേണ്ടത്. പദ്ധതിയുടെ ഗുണഭോക്താവ് ആകുന്നതിന് പദ്ധതിയിൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള രേഖകളും (കർഷകന്റെ സത്യപ്രസ്താവന, ഫോട്ടോ, കാർഷിക അനുബന്ധ പ്രവർത്തനവുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ സാക്ഷ്യപത്രം) വില്ലേജ് ഓഫീസറിൽ നിന്നും ലഭിക്കുന്ന അപേക്ഷകന്റെ വാർഷിക വരുമാന സർട്ടിഫിക്കറ്റ്, ബാങ്ക് പാസ്ബുക്ക്, ആധാർ കാർഡ്, വയസ് തെളിയിക്കുന്ന രേഖ, ഭൂമിയുടെ കരം അടച്ച രസീതോ/ഭൂമി സംബന്ധിച്ച

രേഖകളോ, എന്നിവയുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ അപ്‌ലോഡ് ചെയ്യേണ്ടതാണ്. രജിസ്ട്രേഷൻ ഫീ ആയി 100 രൂപ ഓൺലൈൻ ആയി അടയ്ക്കേണ്ടതാണ്.

3. സംസ്ഥാന കാർഷിക വികസന കർഷകക്ഷേമ വകുപ്പിന്റെ വിവിധ പദ്ധതികൾ, പരിപാടികൾ സംബന്ധിച്ച് ഫാം ഇൻഫർമേഷൻ ബ്യൂറോ വഴി ഡി ടി പി, ഡിസൈൻ ലേഔട്ട് തുടങ്ങി വിവിധ പ്രവൃത്തികൾ ചെയ്തു നൽകുന്നതിന് തയ്യാറുള്ളവരിൽ നിന്നും മുദ്രവെച്ച ക്വട്ടേഷൻ ക്ഷണിക്കുന്നു. ക്വട്ടേഷൻ പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ, ഫാം ഇൻഫർമേഷൻ ബ്യൂറോ, കവടിയാർ പി.ഒ തിരുവനന്തപുരം - 3 എന്ന വിലാസത്തിൽ തപാൽ മുഖേനയോ നേരിട്ടോ 15/06/2023-ന് വൈകിട്ട് 3.00 മണിക്ക് മുമ്പായി സമർപ്പിക്കേണ്ടതാണ്. അന്നേ ദിവസം വൈകിട്ട് 3.30-ന് ഹാജരുള്ളവരുടെ സാന്നിധ്യത്തിൽ ക്വട്ടേഷൻ തുറന്ന് പരിശോധിക്കുന്നതായിരിക്കും. കൂടുതൽ വിവരങ്ങൾക്ക് പ്രവർത്തി ദിവസങ്ങളിൽ ഓഫീസുമായി ബന്ധപ്പെടുക.

4. കഴക്കൂട്ടം ബയോടെക്നോളജി ആൻഡ് മോഡൽ ഫ്ലോറികൾച്ചർ സെന്ററിൽ ഗുണനിലവാരവും അത്യുത്പാദനശേഷിയുമുള്ള നേന്ത്രൻ, സ്വർണമുഖി, മഞ്ചേരി നേന്ത്രൻ, കദളി, കപ്പ, കാവേരി തുടങ്ങിയ ടിഷ്യുകൾച്ചർ വാഴതൈകൾ വിൽപനക്കായി തയാറായിട്ടുണ്ട്. തൈ ഒന്നിന് ഇരുപതു രൂപയാണ് വില. കൂടുതൽ വിവരങ്ങൾക്ക് 9383470293 എന്ന നമ്പരിൽ ബന്ധപ്പെടുക.

**പരിശീലന പരിപാടി**

5. കേരള കാർഷിക സർവകലാശാലയുടെ കീഴിൽ പ്രവർത്തിക്കുന്ന കമ്മ്യൂണിക്കേഷൻ സെൻറർ, മണ്ണുത്തിയുടെ ആഭിമുഖ്യത്തിൽ **"സസ്യങ്ങളിലെ പ്രജനനരീതികൾ: ബഡ്ഡിങ്, ഗ്രാഫ്റ്റിങ്"** എന്ന വിഷയത്തിൽ 2023 ജൂൺ 15 ന് ഏകദിന പരിശീലന ക്ലാസ് സംഘടിപ്പിക്കുന്നു. രജിസ്ട്രേഷൻ ഫീസ് 336 രൂപ. പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ജൂൺ 14 ന് മുമ്പായി പ്രവർത്തിസമയമായ രാവിലെ 10 മണി മുതൽ 5 മണി വരെ 04872-370773 നമ്പറിൽ ബന്ധപ്പെടുക.

6. റബ്ബർപാലിൽനിന്നുള്ള ഉത്പന്നനിർമ്മാണത്തിൽ റബ്ബർബോർഡ് പരിശീലനം നൽകുന്നു. റബ്ബർപാൽസംഭരണം; സാന്ദ്രീകരണം; ലാറ്റക്സ് കോമ്പൗണ്ടിങ്; ഉത്പന്നങ്ങളുടെ രൂപകൽപന; ഗുണമേന്മാനിയന്ത്രണം; റബ്ബർബാൻഡ്, കൈയ്യുറ, റബ്ബർനൂൽ, ബലൂൺ, റബ്ബർപശ തുടങ്ങിയ ഉത്പന്നങ്ങളുടെ നിർമ്മാണം എന്നിവയിലുള്ള പരിശീലനം ജൂൺ 05 മുതൽ 09 വരെ കോട്ടയത്തുള്ള

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ്ങിൽ വച്ച് നടക്കും. കൂടുതൽ വിവരങ്ങൾക്ക് 04812353127 എന്ന ഫോൺ നമ്പരിലോ 04812353201 എന്ന വാട്ട്സ്ആപ്പ് നമ്പരിലോ ബന്ധപ്പെടേണ്ടതാണ്.

**കാർഷിക നിർദ്ദേശം- തെങ്ങിൻ തൈ നടീൽ**

തെങ്ങിൻ തൈ നടുന്നതിനായി 1 x 1 X 1 മീറ്റർ വലിപ്പമുള്ള കുഴിയാണ് എടുക്കേണ്ടത്. ചെമ്മണ്ണ് നിറഞ്ഞ പ്രദേശത്തു കുഴിയൊന്നിന് 2 കിലോ കറിയുപ്പ് ചേർക്കുന്നത് മണ്ണിന്റെ ഗുണമേന്മ വർധിപ്പിക്കാൻ സഹായിക്കും. ജൈവവളം 25 കിലോ തെങ്ങൊന്നിന് എന്ന ക്രമത്തിൽ നടീൽ സമയത്തു ചേർക്കണം. രണ്ടുവരി ചകിരി കുഴിയിൽ നിരത്തുന്നത് ഈർപ്പം നിലനിർത്താൻ സഹായിക്കും. ചകിരി തൊണ്ടിന്റെ വളഞ്ഞു കുഴിഞ്ഞ ഭാഗം കമഴ്ത്തിയാണ് വെക്കേണ്ടത്. നടീൽ രീതി അനുസരിച്ചു തെങ്ങുകൾ തമ്മിലുള്ള അകലം 7.5 മീറ്റർ മുതൽ 9 മീറ്റർ വരെ ക്രമീകരിക്കാം. ഒരു ഏക്കറിൽ ഏകദേശം 70 തെങ്ങുകൾ നിലനിർത്താവുന്നതാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം